## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 59

10/06/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

# പി.എസ്.സി. റാങ്ക് ലിസ്റ്റ്

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമായി ഇപ്പോൾ എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളും ഷോർട്ട് ലിസ്റ്റുകളുമാണ് നിലവിലുള്ളത്; പ്രസ്തുത ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ)യും (ബി)യും<br><br>സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമായി 30.04.2013 വരെയുള്ള കണക്കുകൾ പ്രകാരം, നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ എണ്ണവും അവയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണവും നിയമന ശിപാർശ ചെയ്യപ്പെട്ടവരുടെ എണ്ണവും രേഖപ്പെടുത്തിയ പട്ടിക അനുബന്ധമായി ചേർക്കുന്നു. റാങ്ക് പട്ടിക നിലവിൽ വന്നു കഴിഞ്ഞാൽ ചുരുക്കപ്പട്ടികയ്ക്ക് പ്രസക്തിയില്ലാത്തതിനാൽ, ചുരുക്കപ്പട്ടികയെ സംബന്ധിച്ച വിവരം സമാഹരിക്കപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; | |
| (സി) 2012 മാർച്ച് മുതൽ 2013 മാർച്ച് 31 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്? | (സി) 2012 മാർച്ച് മുതൽ 2013 മാർച്ച് 31 വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ ആകെ 32134 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**